പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 451 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യിലെ പ്രതിസന്ധി

ചോദ്യം

ശ്രീ. തോമസ് ഉണ്ണിയാടൻ
" റ്റി. യു. കുരുവിള
" മോൻസ് ജോസഫ്
" സി. എഫ്. തോമസ്

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഡീസൽ വില വർദ്ധനയെ തുടർന്ന് പ്രതിസന്ധിയിലായ കെ.എസ്.ആർ. ടി.സി.യെ രക്ഷിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ; | (എ) | ഡീസൽ വിലവർദ്ധനവിലൂടെ പ്രതിസന്ധിയുണ്ടായപ്പോൾ രണ്ട് മാസത്തെ അധികബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചിട്ടുണ്ട്. സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനികവൽക്കരണത്തിന്റെ ഭാഗമായി പുതിയ ETM മെഷ്യനുകൾ വാങ്ങുന്നതിനും, ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഡ്രൈവർമാർ ഉൾപ്പടെയുള്ള ജീവനക്കാർക്ക് നൽകുന്ന പരിശീലനം, ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർപാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്. കൂടാതെ ബസ്സുകളിൽ ടിക്കറ്റ് പരിശോധന ശക്തമാക്കുന്നതിനും കർശനമായ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | കംപ്രസ്ഡ് നാച്വറൽ ഗ്യാസ് ഉപയോഗിക്കുന്നതോടൊപ്പം കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽ ഷോപ്പിംഗ് കോംപ്ലക്സുകളും മറ്റ് വരുമാന വർദ്ധന പദ്ധതികളും നടപ്പാക്കുന്നതിന് നടപടികൾ ഉണ്ടാകുമോ; വിശദാംശം ലഭ്യമാക്കുമോ? | (ബി) | കെ.എസ്.ആർ.ടി.സി. ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങളിൽ ഡിപ്പോയോടനുബന്ധിച്ച് ഷോപ്പിംഗ് കോംപ്ലക്സുകൾ ബി.ഒ.ടി. അടിസ്ഥാനത്തിലും, പലിശരഹിത നിക്ഷേപങ്ങൾ സ്വീകരിച്ച് കെ.എസ്.ആർ.ടി.സി. സ്വന്തമായും നിർമ്മിച്ചു വരുന്നു. ഇതിൻ |

| | | | |
|---|---|---|---|
| | | | പ്രകാരം കാസർഗോഡ്, കൊട്ടാരക്കര, കാട്ടാക്കട, അങ്കമാലി എന്നീ സ്ഥലങ്ങളിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ പ്രവർത്തനം തുടങ്ങി കഴിഞ്ഞു. നെടുമങ്ങാട്, തൊടുപുഴ, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ നിർമ്മാണം ആരംഭിച്ചു കഴിഞ്ഞു. കൂടാതെ ഈഞ്ചയ്ക്കൽ, കോട്ടയം, കരുനാഗപ്പള്ളി, പാല, മൂവാറ്റുപ്പുഴ, ഹരിപ്പാട്, പയ്യന്നൂർ, നിലമ്പൂർ, പത്തനംതിട്ട, മലപ്പുറം, പാലക്കാട് എന്നിവിടങ്ങളിൽ രൂപരേഖ തയ്യാറാക്കി തുടർനടപടികൾ സ്വീകരിച്ചു വരുന്നു. ബി.ഒ.ടി അടിസ്ഥാനത്തിൽ കെ.റ്റി.ഡി.എഫ്.സി.യുമായി സഹകരിച്ച് അങ്കമാലി, കോഴിക്കോട്, തിരുവനന്തപുരം സെൻട്രൽ, തിരുവല്ല എന്നീ സ്ഥലങ്ങളിൽ കെ.റ്റി.ഡി.എഫ്.സി. നിർമ്മാണം നടത്തി വരുന്നു. ഇതിൽ അങ്കമാലിയുടെ ഉത്ഘാടനം 2011 ജനുവരി 19-ന് കഴിഞ്ഞു.<br>വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഓരോ ബസ് സ്റ്റേഷനിലും വാണിജ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി ലൈസൻസ് വ്യവസ്ഥയിൽ വാടകയ്ക്ക് നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ